**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 467** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരള പാലിയേറ്റീവ് കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കേരളത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിട്ടുണ്ടോ; നവകേരളം കർമപദ്ധതി രണ്ട് ആർദ്രം മിഷനിലെ പ്രധാന പ്രവർത്തനങ്ങളിലൊന്നായി പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളം നടത്തുന്ന സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിക്കുകയും 2024 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ, കേരളത്തിന്റെ സാന്ത്വന പരിചരണ മാതൃക വിജയകരമാണെന്ന് ലോകാരോഗ്യ സംഘടന വിലയിരുത്തിക്കൊണ്ട് കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന മാതൃകയായി അംഗീകരിക്കുകയും ചെയ്തു. കൂടാതെ നവകേരള കർമ്മപദ്ധതി രണ്ടിലെ ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരം 'പാലിയേറ്റീവ് കെയർ ഗ്രിഡ്' രൂപീകരിക്കുകയുണ്ടായി. സംസ്ഥാന പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുവരാൻ പദ്ധതിയിടുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ കർമപദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | 2025-26 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട കർമ്മ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകൾ, ആയുഷ് വിഭാഗം, ഹോമിയോ വിഭാഗം എന്നീ വകുപ്പുകളിൽ പാലിയേറ്റീവ് പ്രൈമറി കെയറും, സെക്കൻഡറി കെയറും ആരംഭിക്കുകയുണ്ടായി. പാലിയേറ്റീവ് കെയറിനുള്ള പരിശീലന മൊഡ്യൂളുകൾ ഏകീകരിച്ചുകൊണ്ട് പ്രത്യേക മൊഡ്യൂൾ പുറത്തിറക്കുകയുണ്ടായി. പാലിയേറ്റീവ് കെയർ |

| | | | |
|---|---|---|---|
| | | | രംഗത്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ കോർത്തിണക്കുന്ന പാലിയേറ്റീവ് കെയർ ഗ്രിഡ് നടപ്പിലാക്കുകയുണ്ടായി. ഗൃഹപരിചരണത്തിലൂടെ സാന്ത്വനപരിചരണം നടപ്പിലാക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് 6മാസം നീണ്ടുനിൽക്കുന്ന പരിശീലന കോഴ്സായ Diploma in Domiciliary Nursing Care വിദ്യാഭ്യാസ വകുപ്പിന്റെ SCOLE Keralaയും, ആരോഗ്യവകുപ്പും ചേർന്ന് നടപ്പിലാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ 2025-2026 സാമ്പത്തിക വർഷത്തിൽ സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജിലെ ജീവനക്കാർ, മെഡിക്കൽ കോളേജിലെ മെഡിക്കൽ വിദ്യാർത്ഥികൾ എന്നിവർക്കായുള്ള സെൻസിറ്റൈസേഷൻ സെക്ഷനുകൾ വഴി എല്ലാവരിലും സാന്ത്വന പരിപാലനത്തിന്റെ സന്ദേശം എത്തിക്കുകയെന്നതും പ്രധാന പ്രവർത്തനമാണ്. അതോടൊപ്പം ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്കായി സാന്ത്വന പരിപാലനത്തിൽ ട്രെയിനിംഗ് നൽകുക, മറ്റ് വിഭാഗങ്ങളിലുള്ള ഡോക്ടർമാരെ സാന്ത്വന പരിപാലനത്തിലേക്ക് കൊണ്ടുവരുക മുതലായ പരിപാടികളും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും പാലിയേറ്റീവ് കെയർ ഗ്രിഡിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രാഥമിക രജിസ്ട്രേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും പാലിയേറ്റീവ് കെയർ ഗ്രിഡിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. ഇതിലൂടെ എല്ലാ രോഗികൾക്കും പാലിയേറ്റീവ് കെയർ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എല്ലാ പാലിയേറ്റീവ് കെയർ സന്നദ്ധ സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രാഥമിക രജിസ്ട്രേഷൻ നേടേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സന്നദ്ധ സംഘടനകളെയാണ് ഗൃഹസന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം (പാലിയേറ്റീവ് ഗ്രിഡിൽ ഉൾപ്പെടുത്തി) ഒരുക്കുന്നതിനായി തദ്ദേശ സ്വയഭരണ സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിലെ പാലിയേറ്റീവ് കെയർ സ്ഥാപനത്തിന്റെയും സംഘടനകളുടെയും വിശദാംശം സമാഹരിച്ച് പാലിയേറ്റീവ് കെയർ |

| | | | |
|---|---|---|---|
| | | | ഗ്രിഡിൽ രജിസ്ട്രേഷൻ ഉറപ്പാക്കും. ഇതോടൊപ്പം തന്നെ കാലികമായ മാറ്റങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ഡി) | കേരള കെയർ എന്ന പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഓരോ രോഗിയുടെയും സമീപ പ്രദേശത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉറപ്പാക്കാനും എല്ലാ ജില്ലകളിലും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കേരള കെയർ എന്ന പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ എല്ലാ രോഗികൾക്കും ഏറ്റവും അടുത്തുള്ള ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉറപ്പാകുന്ന തരത്തിൽ സജ്ജീകരണം ചെയ്തിട്ടുണ്ട്. പരിശീലനം സിദ്ധിച്ച ഈ പാലിയേറ്റീവ് കെയർ പ്രവർത്തകന്റെ സേവനം 24 മണിക്കൂറും രോഗിക്ക് ഉറപ്പാക്കുന്നുണ്ട്. ഈ സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ പരിശീലനം എല്ലാ ജില്ലകളിലും ഉറപ്പാക്കുന്നതിന് പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ 14 ജില്ലകളിലും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ലഭ്യമാണ്. ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള ഗൃഹപരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ രോഗിക്കും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പ് വരുത്തേണ്ടതുണ്ട്. നാഷണൽ സർവീസ് സ്കീം വോളണ്ടീയർമാർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെയെല്ലാം പരിഗണിച്ച് കൊണ്ട് പാലിയേറ്റീവ് കെയർ സന്നദ്ധ പ്രവർത്തകരാകാൻ താത്പര്യമുള്ളവരെ തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ – സാമൂഹ്യ സംഘടനകളുടെ സഹായത്തോടെ കണ്ടെത്തി ഈ വിധത്തിൽ പരിശീലനം ലഭിച്ച സന്നദ്ധ – പ്രവർത്തകരെ ' പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ' ഭാഗമാക്കി അവരുടെ നാട്ടിലുള്ള രോഗികൾക്ക് പിന്തുണ നൽകുവാൻ പ്രയോജനപ്പെടുത്തും. വീടുകളിൽ സാന്ത്വന പരിചരണം ലഭ്യമാക്കുന്ന എല്ലാ സംഘടനകളെയും സ്ഥാപനങ്ങളെയും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ 'പാലിയേറ്റീവ് കെയർ ഗ്രിഡിൽ ' രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ